നം. സി.ഇ.ഇ/5500/2017/KEAM 2018/റ്റി.എ.1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## KEAM 2018

## ബി.എസ്.സി അഗ്രികൾച്ചർ കോഴ്സ് പ്രവേശനം

## അഗ്രികൾച്ചറൽ അസിസ്റ്റന്റ് ക്വാട്ടയിലേയ്ക്കുള്ള കാറ്റഗറി ലിസ്റ്റ് പുതുക്കി പ്രസിദ്ധീകരിച്ചു

04.09.2018 തീയതിയിലെ സ.ഉ(സാധാ) നം. 1646/2018/ഉ.വി.വ സർക്കാർ ഉത്തരവ് പ്രകാരം ബി.എസ്.സി അഗ്രികൾച്ചർ കോഴ്സിൽ അഗ്രികൾച്ചറൽ അസിസ്റ്റന്റ്മാർക്ക് പ്രത്യേക സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് നീറ്റ് (യു.ജി) യോഗ്യത വേണമെന്ന നിബന്ധനയിൽ ഇളവ് വരുത്തിക്കൊണ്ട് കേരള കാർഷിക സർവ്വകലാശാല ലഭ്യമാക്കുന്ന റാങ്ക് ലിസ്റ്റ് മാത്രം അടിസ്ഥാനമാക്കി പ്രസ്തുത സംവരണ സീറ്റുകളിലേയ്ക്ക് പ്രവേശനം നൽകണമെന്ന് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബി.എസ്.സി അഗ്രികൾച്ചർ കോഴ്സിൽ അഗ്രികൾച്ചറൽ അസിസ്റ്റന്റ്മാർക്ക് പ്രത്യേക സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് യോഗ്യരായ അപേക്ഷകരുടെ കാറ്റഗറി ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee-kerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകർക്ക് മേൽപറഞ്ഞ സംവരണ സീറ്റ് ലഭ്യമായ കോളേജുകളിലേയ്ക്ക് പ്രവേശനത്തിന് ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത സമയത്തിനകം ലഭ്യമാകുന്ന ഓപ്ഷനുകളുടെയും പുതുക്കിയ കാറ്റഗറി ലിസ്റ്റിന്റെയും അടിസ്ഥാനത്തിൽ എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്ക് 23.09.2018 ന് പ്രസിദ്ധീകരിക്കുന്ന മൂന്നാം ഘട്ട അലോട്ട്മെന്റിൽ പ്രസ്തുത സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് നടത്തുന്നതാണ്.

Santhosh Kumar

തിരുവനന്തപുരം
19.09.2018

പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി